**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **11-06-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ സഹകരണ നഴ്സിംഗ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ കേപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി സഹകരണമേഖലയിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ നടപടി പുരോഗതി ലഭ്യമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ കേപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. എട്ട് കോടി രൂപയ്ക്ക് നഴ്സിംഗ് കോളേജിനാവശ്യമായ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും വകയിരുത്തിയ 8 കോടി രൂപയിൽ ആദ്യ ഗഡുവായ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉടൻ തന്നെ പണി ആരംഭിക്കുന്നതാണ്.<br><br>വടക്കാഞ്ചേരി കേപ്പിന്റെ പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് വടക്കാഞ്ചേരി ജില്ലാ ആശുപത്രി പേരന്റ് ആശുപത്രിയാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്ത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച പ്രകാരം വടക്കാഞ്ചേരി ജില്ലാ ആശുപത്രി പാരന്റ് ആശുപത്രിയായി നിശ്ചയിച്ച് സഹകരണ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ കേപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. എട്ട് കോടി രൂപയ്ക്ക് നഴ്സിംഗ് കോളേജിനാവശ്യമായ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും വകയിരുത്തിയ 8 കോടി രൂപയിൽ ആദ്യ ഗഡുവായ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉടൻ തന്നെ പണി ആരംഭിക്കുന്നതാണ്.<br><br>വടക്കാഞ്ചേരി കേപ്പിന്റെ പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് വടക്കാഞ്ചേരി ജില്ലാ ആശുപത്രി പേരന്റ് ആശുപത്രിയാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ" കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

**എറണാകുളം ജില്ലയിലെ കടമക്കുടി പഞ്ചായത്തിലെ പൊക്കാളി കർഷകരുടെ നെല്ല് ന്യായമായ വിലയ്ക്ക് സംഭരിക്കുന്നത് സംബന്ധിച്ച് കടമക്കുടി ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച പരാതി ചർച്ച ചെയ്യുന്നതിനായി സഹകരണവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 07.09.2023 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3:00 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കടമക്കുടി, ഇടപ്പള്ളി ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്താൽ 110 ഹെക്ടറോളം സ്ഥലത്ത് മേൽ പഞ്ചായത്തിൽ പൊക്കാളി നെൽകൃഷി നടന്നുവരുന്നതായും ഒരേക്കർ സ്ഥലത്ത് പൊക്കാളി നെൽകൃഷി നടത്തുവാനുള്ള ചെലവ് ശരാശരി 50,000/- രൂപയാണെന്നും 600-700 കിലോഗ്രാം നെല്ല് ഈ ഒരു ഏക്കറിൽ നിന്നും ശരാശരി ഉത്പാദിപ്പിക്കുന്നതായും,ഈ അവസരത്തിൽ കർഷകന് ഒരു കിലോ നെല്ലിന് 60 രൂപയെങ്കിലും ലഭിക്കേണ്ടതുണ്ടെന്നും നിലവിൽ സപ്ലൈക്കോ ഒരു കിലോ നെല്ലിന് 28 രൂപ 50 പൈസക്കാണ് സംഭരിക്കുന്നതെന്നും ഈ വില കർഷകന് പര്യാപ്തമല്ലായെന്നും കട്ടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. പൊക്കാളി നെല്ല് കുത്തി അരിയാക്കുവാൻ അവിടുത്തെ കർഷകർ പാലക്കാട് ജില്ലയിലെ മില്ലുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നതെന്നും എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സഹകരണ ബാങ്കിലെ മിൽ ഇതിന് പര്യാപ്തമായിരുന്നു എങ്കിലും മിൽ ഇപ്പോൾ പ്രവർത്തന രഹിതമാണെന്നും ഈ സാഹചര്യത്തിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് പൊതുമേഖല സ്ഥാപനങ്ങൾ വഴിയോ മറ്റോ പൊക്കാളി നെല്ല് കിലോയ്ക്ക് 60 രൂപ നിരക്കിൽ സംഭരിക്കണമെന്നും പൊക്കാളി നെല്ല് കുത്തി അരിയാക്കുവാനുള്ള ജില്ലയിലെ മില്ല് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്നും കടമക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബഹു. സഹകരണ വകുപ്പ് മന്ത്രി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

പൊക്കാളി കൃഷിയുടെ ചെലവ് ഉയർന്നതാകയാൽ കർഷകർക്ക് മേൽ കൃഷിയിലുള്ള താത്പര്യം കുറയുന്നുവെന്നും ഇത് ഒഴിവാക്കുന്നതിന് നെല്ലിന് അടിസ്ഥാന വിലനിശ്ചയിച്ച് സപ്ലൈക്കോവഴി സംഭരിക്കാവുന്നതാണെന്നും,പൊക്കാളി നെൽകൃഷി നടത്തുന്ന പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് അരി സംഭരണം നടത്താൻ സർക്കാറിന് നിർദ്ദേശിക്കാവുന്നതാണെന്നും,ഇപ്രകാരം കൺസോർഷ്യം രൂപീകരിക്കുവാൻ

സഹകരണ സ്ഥാപനങ്ങൾക്ക് താത്പര്യമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഇപ്രകാരം സഹകരണ സംഘങ്ങളുടെ കൺസോർഷ്യം സപ്ലൈകോ,കൺസ്യൂമർ ഫെഡറേഷൻ,കോപ്മാർട്ട് എന്നിവിടങ്ങളിലൂടെ പൊക്കാളി നെൽ സംഭരണം നടത്താവുന്നതാണെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

മേൽ വിഷയത്തിൽ കൃഷി,ഭക്ഷ്യ വകുപ്പുകളേയും കൂടി ഏകോപിപ്പിച്ച കൊണ്ട്സെക്രട്ടറി തലത്തിൽ മീറ്റിംഗ് നടത്താവുന്നതാണെന്ന് ബഹു.സഹകരണ മന്ത്രി ഉത്തരവാകുകയും,ആയതിന്റെ അടിസ്ഥാനത്തിൽ 07.09.2023 ന് സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തുകയുണ്ടായി.

പൊക്കാളി നെല്ലിന്റെ ഉൽപാദന ചെലവ് കൂടുതലാണെങ്കിലും അതിന്റെ ഗുണമേന്മ കൂടുതലാണെന്നും ആയതിനാൽ പൊക്കാളി കൃഷിയെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ ഈ വിഷയം standardise ചെയ്ത് procedure ആക്കി നൽകേണ്ടത് കൃഷിവകുപ്പാണെന്ന് സെക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി.

വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി.

1.പൊക്കാളി കൃഷി നിലനിൽക്കേണ്ടത് ആവശ്യമാണ്.എന്നാൽ Dedicated ആയിട്ടുള്ള മില്ല് കണ്ടു പിടിക്കുന്നതിന് പ്രായോഗിക തലത്തിൽ ശ്രമം വേണ്ടതാണ്.

2.ഭക്ഷ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടതു പോലെ പി.ഡി.എസിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായാണ് നെല്ലിന്റെ താങ്ങുവില നിശ്ചയിച്ചുവരുന്നത്.അതിന് ആനുപാതികമായാണ് State Insentive Bonus നല്കുന്നത്. ഇപ്പോഴത്തെ വിലനിലവാരം അനുസരിച്ച് 28.20 രൂപയാണ്. ആ നിരക്കിൽ പൊക്കാളി നെല്ലിന് വില ലഭ്യമാക്കാൻ സാദ്ധ്യമല്ലായെന്നുള്ളത് കർഷകരും പഞ്ചായത്തും അറിയിച്ചിട്ടുണ്ട്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ Non PDS കൊമേഴ്സ്യൽ ശൃംഖലയിൽ 60 രൂപ നിരക്കിൽ പൊക്കാളി നെല്ല് വിൽക്കുന്നതിന് തടസ്സമില്ല. പക്ഷേ നെല്ലുകുത്തി അരിയാക്കുന്നതിനും മറ്റു വ്യവസ്ഥാപിത സംവിധാനങ്ങളും ഗവൺമെന്റ് ഒരുക്കേണ്ടതാണ്.ഇതിനായി പൊക്കാളി നെല്ലിനെ ബ്രാൻഡ് ചെയ്യേണ്ടത് ആവശ്യമാണ്. ഇതിന് നയപരമായ തീരുമാനം ആവശ്യമാണ്. ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി കൃഷി-ഭക്ഷ്യവകുപ്പുകളുടെ ഭാഗത്തുനിന്നും കിട്ടിയ അഭിപ്രായം അനുസരിച്ച് വൈപ്പിൻ എം.എൽ.എ യും കർഷകസമിതിയെയും ഉൾപ്പെടുത്തി മന്ത്രിതലത്തിൽ മീറ്റിംഗ് നടത്താവുന്നതും മില്ലുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിലേക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ sole Agency ആയി നിശ്ചയിക്കുന്നതിന് ഔദ്യോഗികമായി തീരുമാനിക്കുവാൻ നിർദ്ദേശിക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ